വരുവാൻപോകുന്ന മഹാവ്യാധികളിൽനിന്നും രക്ഷനേടുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? ബൈബിളിലൂടെ നൽകപ്പെട്ടിരിക്കുന്ന ഈ ക്ഷണം ശ്രദ്ധിക്കുക: വരിക, എന്ന് ആത്മാവും മണവാട്ടിയും പറയുന്നു: കേൾക്കുന്നവന്നും വരിക എന്നു പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ, വെളിപ്പാട് 22:17.

നിങ്ങൾക്കു ദാഹമുണ്ടോ? ദൈവത്തിന്റെ ഈ ക്ഷണം നിങ്ങൾ സ്വീകരിക്കുമോ? അങ്ങനെയെങ്കിൽ, ദൈവം ലോകത്തെ ന്യായം വിധിച്ച് ഭാവിയിൽ എന്തെല്ലാം സംഭവിച്ചാലും നിങ്ങൾ വിഷമിക്കേണ്ടതില്ല. കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും, റോമർ 10:13.

നിങ്ങൾ ഒരു പാപിയാണെന്നു സമ്മതിച്ച്, കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ച്, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വന്നു ജീവിക്കുവാൻ ഇടം കൊടുക്കുകയും, നിങ്ങളുടെ ആത്മാവിന് രക്ഷ അനുഭവമാക്കുകയും ചെയ്യുമോ?


HopeTractMinistry
of Bethel Baptist Church
P.O. BOX 1115 ● YORK, SC 29745 ● 803-684-1535
WWW.HOPETRACTS.ORG


The Coming Plagues (Malayalam) Tract 536




മുൻ കാലങ്ങളിൽ കേട്ടിട്ടില്ലാത്തവിധം മാരകരോഗങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുന്നത് ഇപ്പോൾ ലോകത്തിന്റെ അതിപ്രധാനമായ ഒരു ശ്രദ്ധാവിഷയമാണ്. ഈ അടുത്ത കാലത്ത് വിവിധ രാജ്യങ്ങളിലെ ആളുകൾക്കു ഭീഷണിയായി പന്നിപ്പനി രംഗപ്രവേശനം ചെയ്തിട്ടുണ്ട്. അതിനു തൊട്ടുമുമ്പായി ആഫ്രിക്കയിൽ ഇബോളാ എന്നൊരു സാംക്രമിക രോഗാണു എത്തിച്ചേർന്നിരുന്നു. ഈ രോഗം പിടിപെട്ടാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ, കണ്ണുകളിൽനിന്നും, ചെവികളിൽനിന്നും, മൂക്കിൽനിന്നും, വായിൽനിന്നും, എന്നുവേണ്ടാ, ശരീരഭാഗങ്ങളിൽ പുറത്തുകടക്കുവാൻ വഴിയുള്ള സകല ഇടങ്ങളിൽകൂടിയും രക്തം ഒലിച്ചു പുറത്തിറങ്ങും. ആന്തരികാവയവങ്ങൾ ദ്രവിക്കുകയും മരണം ആസന്നമാകുകയും ചെയ്യും. ഇബോളാ
പിടിപെട്ടാൽ 90% മരണം ഉറപ്പാണ്.

ഇതിനെല്ലാം ഉപരിയായി അതിശീഘ്രം പടർന്നുപിടിച്ച ഒരു പകർച്ചവ്യാധിയാണ് എയ്ഡ്സ്. എയ്ഡ്സിനു സൗഖ്യം ലഭിക്കയില്ല എന്നും, പ്രതിദിനം 6000 പേരെ ഈ രോഗം പിടികൂടുന്നുവെന്നും ലോകാരോഗ്യസംഘടനയുടെ സ്ഥിതിവിവര കണക്കുകൾ വെളിപ്പെടുത്തുന്നു. ക്ഷയരോഗം അതിവേഗം വർദ്ധിച്ചുവരുന്നുവെന്നും വാർത്ത കേൾക്കുകയുണ്ടായി.

അസാന്മാർഗ്ഗിക ജീവിതംകൊണ്ടും, കുട്ടികളെ അച്ചടക്കമില്ലായ്മയിൽ വളർത്തുന്നതുകൊണ്ടും, ലോകം ദൈവത്തിൽനിന്നും അകന്നകന്നു പോകുമ്പോൾ, ഈ വിധ ഭയാനകമായ വ്യാധികൾ പിടിപെടുന്നവരുടെ എണ്ണം നിയന്ത്രണാതീതമായി കുതിച്ച് ഉയർന്നുകൊണ്ടിരിക്കും. ഭാവിയിൽ ഏതെങ്കിലും ഒരു കാലത്ത് അത്യന്തം ഗൗരവസ്വഭാവമുള്ള മഹാവ്യാധികൾ ലോകത്തിന്മേൽ വരുവാനിരിക്കുന്നതേയുള്ളൂ. ബൈബിളിലെ വെളിപ്പാടു പുസ്തകത്തിൽ മഹോപദ്രവം എന്ന ലോകത്തിന്റെ അന്ത്യകാലഘട്ടത്തിൽ, അത്യന്തം കഠോരമായ വ്യാധികൾ പൊട്ടിപ്പുറപ്പെടുമെന്നു കാണുന്നു. വെളിപ്പാടു പുസ്തകം 16-ാം അദ്ധ്യായത്തിൽ മനുഷ്യശരീരത്തിൽ ദാരുണമായ വ്രണങ്ങൾ ഉണ്ടാകുന്നതുൾപ്പടെ ഏഴു മഹാവ്യാധികൾ വന്നുഭവിക്കുമെന്നാണു എഴുതിയിരിക്കുന്നത്. സമുദ്രം രക്തമായി മാറുകയും, കുടിവെള്ളം വിഷമയമാകുകയും, കഠിനമായ സൂര്യതാപത്താൽ കരിയുകയും, മനുഷ്യർ അതിവേദനയാൽ നാവുകൾ കരളുകയും, ഫ്രാത്തു നദി (ഋൗുവ്വമലേ ഞെശ്ല്യ) വറ്റിവരളുകയും, അമ്പതിലേറെ കിലോഗ്രാം വീതം ഭാരമുള്ള കൽമഴ വീഴുകയും ചെയ്യും. വെളിപ്പാട് 9-ാം അദ്ധ്യായത്തിൽ വിലപ്പെട്ട ആത്മാക്കളെ ബന്ധിക്കുന്ന ദുരാത്മാക്കൾ ഭൂമിയിലേക്ക് അഴിച്ചുവിടപ്പെടുമെന്നും കാണുന്നു.

മഹാവ്യാധികൾ ഇപ്പോൾതന്നെ ഭൂമിയിൽ ഉണ്ട്, കൂടുതൽ വരുവാനും ഇരിക്കുന്നു. എങ്കിലും ഈ ഘോര ന്യായവിധിയിൽനിന്നും രക്ഷപ്പെടുവാൻ ഒരു വഴി തുറന്നു കിട്ടിയിട്ടുണ്ട്. സ്രഷ്ടാവ് എന്ന നിലയിൽ ദൈവത്തിന്റെ അനുഗ്രഹം അനുഭവിക്കാവുന്നതാണെങ്കിലും, ഈ ലോകത്തിലെ ജനങ്ങൾ അവിടുത്തെ നീട്ടിയ ഭുജങ്ങളെ മറികടന്നുപോകയാണ്. ദൈവം തന്റെ ഏകജാതനായ പുത്രനെ നമ്മുടെ പാപക്കടം വീട്ടുവാൻ ക്രൂശിൽ യാഗമായി ഏല്പിച്ചുതന്നു. പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമു ക്കുവേണ്ടി പാപം ആക്കി, 2 കൊരി 5:21. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും, മത്തായി 11:28. എനിക്കു വേണ്ടാ എന്നു നിങ്ങൾക്ക് ദൈവത്തോട് എത്രകാലം പറയുവാൻ കഴിയും?

മത്തായി എഴുതിയ സുവിശേഷത്തിൽ കാണുന്നതനുസരിച്ച്, ഭൂമിയുടെമേൽ വരുവാൻ പോകുന്ന ഈ ന്യായവിധികളുടെ അടയാളങ്ങളിൽ ഒന്ന് മഹാമാരിയും, വ്യാധികളും ഇടകലർന്നതാണ്. എങ്കിലും സ്നേഹവാനായ ദൈവം നാം ആരും തന്നെ നശിച്ചുപോകുവാൻ ഇഷ്ടപ്പെടുന്നില്ല. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു, യോഹന്നാൻ 3:16. വരുവിൻ നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെ ളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും, യശയ്യാവ് 1:18. കർത്താവിങ്കലേക്കു വരുവാനുള്ള ഒരു ക്ഷണമാണിത്. ഇപ്പോൾതന്നെ ദൈവത്തെ കണ്ടെത്തേണ്ടതു അടിയന്തിര കാര്യമാകയാൽ, തന്റെ സ്നേഹാതിരേകത്താൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ട് രക്ഷപ്രാപിപ്പാൻ അവിടുന്നു നമ്മുടെ ഉള്ളങ്ങളോടു വാദിക്കുകയാണ്. നിങ്ങൾ ഒരു മഹാപാപിയാണ് എന്ന കാര്യം നിങ്ങൾക്ക് അറിയാമോ? നിങ്ങൾ, ഒരു മദ്യപാനിയോ, ദൈവദൂഷണം പറയുന്ന ആളോ, ലഹരി/മയക്കുമരുന്നുകൾക്ക് അടിമയോ, കൊലപാതകിയോ ആയിരുന്നാൽപോലും, അവിടുന്നു തന്റെ സ്നേഹത്തിന്റെ കരങ്ങൾ നിങ്ങളിലേക്കു നീട്ടുകയാണ്. തന്റെ വിളിക്ക് ചെവികൊടുക്കുന്ന ഏവരേയും അവിടുന്നു സ്വീകരിക്കും. അവിടുത്തെ ചിറകിൻ കീഴിൽ സൂക്ഷിച്ച്, രക്ഷാനിർണ്ണയത്താൽ അനുഗ്രഹിച്ച്, നിങ്ങളുടെ ജീവിതത്തിന് ലക്ഷ്യവും അർത്ഥവും പ്രദാനം ചെയ്യും.